**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4246** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഡയറ്റ് സ്കൂൾ അദ്ധ്യാപകനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഡയറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റൂൾ പ്രകാരം അദ്ധ്യാപകനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഡയറ്റ് സ്പെഷ്യൽ റൂൾ പ്രകാരം ലക്ചറർ തസ്തികയുടെ നിയമന നടപടികൾ ആരംഭിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഹർജിയിൽ 89 ലക്ചറർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യുന്നതിനെ ബഹു. കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി നിയമന നടപടികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഡയറ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം നിലവിലുള്ള ഡയറ്റ് അദ്ധ്യാപകരുടെ ഗ്രേഡ് ആനുകൂല്യം ഉൾപ്പെടെയുള്ള സർവീസ് അവകാശങ്ങൾ സംരക്ഷിച്ചുനൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (ബി) | നിലവിലുള്ള ഡയറ്റ് അധ്യാപകരെ പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരമുള്ള സമാന തസ്തികയിലേക്ക് പുന:ക്രമീകരിച്ച് സർവ്വീസ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിനുശേഷം മാത്രമേ ഗ്രേഡ് ആനുകൂല്യം ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളു. |
| (സി) | 2018 മുതൽ ഡെപ്യൂട്ടേഷനിൽ ഡയറ്റ് ലക്ചറർമാരായി നിയമിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകരെ ലക്ചറർമാരായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ